**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,**
**തിരുവനന്തപുരം– 695 001.**

# വിജ്ഞാപനം
# KEAM-2021
## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ഓപ്ഷൻ കൺഫർമേഷനുള്ള അവസരം

കേരളത്തിലെ സർക്കാർ കോളേജുകളിലെയും സ്വാശ്രയ കോളേജുകളിലെയും 2021 വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടികൾ 08.03.2022 ന് ആരംഭിക്കുന്നതാണ്. എം.സി.സി മാർഗ്ഗനിർദ്ദേശപ്രകാരം രണ്ടാംഘട്ട അഖിലേന്ത്യാ കൗൺസലിങ്ങിലൂടെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ ഈ ഘട്ടത്തിൽ സംസ്ഥാന ക്വാട്ട സീറ്റുകളിലേക്ക് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്**

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 'Confirm' ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുനഃക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം **08.03.2022 മുതൽ 11.03.2022 രാവിലെ 10.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **'www.cee.kerala.gov.in'** എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ് . ഒന്നാം ഘട്ടത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവരും, ഓപ്ഷൻ നൽകിയിട്ടും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ എം .ബി.ബി.എസ്/ബി.ഡി.എസ് വിഭാഗങ്ങളിലുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുമെന്നതിനാൽ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ രണ്ടാംഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവർക്ക് ഒന്നാം ഘട്ട അലോട്ട്മെന്റിലൂടെ ലഭിച്ച അഡ്മിഷൻ നിലനിൽക്കുന്നതായിരിക്കും.

11.03.2022 രാവിലെ 10.00 മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് 14.03.2022 വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ്

മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **15.03.2022 വൈകീട്ട് 4.00 മണി മുതൽ 19.03.2022 ഉച്ചയ്ക്ക് 2.00 മണി** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഹെഡ് പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീസ് / ബാക്കി തുക (ബാധകമെങ്കിൽ) അടച്ചതിനുശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ് /കോളേജിൽ **16.03.2022 മുതൽ 19.03.2022 ഉച്ചയ്ക്ക് 2.00 മണിക്ക്** മുമ്പ് ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**<u>അലോട്ട്മെന്റ് ഷെഡ്യൂൾ</u>**

| | |
|---|---|
| 08.03.2022 | എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഓപ്ഷൻ പുനഃക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും വെബ് സൈറ്റ് സജ്ജമാകുന്നു. |
| 11.03.2022, രാവിലെ 10.00 മണി | ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| 14.03.2022 | രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 15.03.2022 വൈകീട്ട് 4.00 മണി മുതൽ 19.03.2022, ഉച്ചയ്ക്ക് 2.00 മണി വരെ | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുളള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ട സമയം. |
| 16.03.2022 –19.03.2022 ഉച്ചയ്ക്ക് 2.00 മണിവരെ | ഫീസ്/ബാക്കി തുക അടച്ചതിനുശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടാനുള്ള സമയം |
| 19.03.2022, വൈകിട്ട് 3.00 മണി വരെ | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ട സമയം |

**<u>ഫീസ്</u>**

എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളുടെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ ഫീസ് ഫീ റെഗുലേറ്ററി കമ്മിറ്റി/സർക്കാർ/ബഹു.ഹൈക്കോടതി/ബഹു. സുപ്രീം കോടതി ഉത്തരവുകൾക്ക് വിധേയമായിരിക്കും. ബഹു.ഹൈക്കോടതിയുടെ 09.02.2022 തീയതിയിലെ WP(C)No.4297 of2022(J) നമ്പർ ഉത്തരവ് പ്രകാരം 2021–22 വർഷം ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജിൽ ഫീ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച ഫീസ് താത്ക്കാലികവും, അന്തിമ ഫീസ് ബഹു.ഹൈക്കോടതിയുടെ മേൽ കേസിലെ അന്തിമ വിധിക്ക് വിധേയവുമായിരിക്കും. വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കുമ്പോൾ നൽകുന്ന രസീതിൽ ഇക്കാര്യം കോളേജ് അധികൃതർ വ്യക്തമാക്കേണ്ടതാണ്.

**<u>ടോക്കൺ ഫീസ്</u>**

- എം.ബി.ബി.എസ് കോഴ്സിന് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ മൂന്ന് ലക്ഷം രൂപയും, എൻ.ആർ.ഐ ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഞ്ച് ലക്ഷം രൂപയും, ബി.ഡി.എസ് കോഴ്സിന് സ്വാശ്രയ ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടയിൽ ഉൾപ്പെടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഒരു ലക്ഷം രൂപയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് ഗവണ്മെന്റ് മെഡിക്കൽ/ദന്തൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/ മത്സ്യത്തൊഴിലാളികളുടെ മക്കൾ /ഒ.ഇ.സി ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.(Ms)No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും 1000/- രൂപ ടോക്കൺഫീസായി അടയ്ക്കേണ്ടതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ മെഡിക്കൽ/ദന്തൽ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം മേൽ ഖണ്ഡികയിൽ പറയുന്ന പ്രകാരമുള്ള ടോക്കൺ ഫീസ് അടയ്ക്കേണ്ടതും ഫീസിളവിന് അർഹരല്ലാതാകുന്നതുമാണ്.

**<u>കുറിപ്പ്</u>**

1. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
2. Admission Supervisory Committee മാനദണ്ഡങ്ങൾ പ്രകാരം താത്ക്കാലികമായി എൻ.ആർ.ഐ കാറ്റഗറി അനുവദിച്ചതും നിലവിൽ എൻ.ആർ.ഐ സീറ്റിൽ താത്ക്കാലിക അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് എൻ.ആർ.ഐ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് അനുവദിച്ച സമയം 02.03.2022 ന് അവസാനിച്ചു. ആയതിനാൽ ഈ തീയതിക്കുള്ളിൽ എൻ.ആർ.ഐ സംബന്ധിച്ച രേഖകൾ അപ്‌ലോഡ് ചെയ്ത് ന്യൂനതകൾ പരിഹരിക്കാത്ത വിദ്യാർത്ഥികളുടെ എൻ .ആർ.ഐ ക്വാട്ടയിൽ ലഭിച്ച അലോട്ട്മെന്റ് , എൻ.ആർ.ഐ കാറ്റഗറി ക്ലെയിം എന്നിവ റദ്ദായിട്ടുണ്ട്.

രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം എം.ബി.ബി.എസ് കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അത് മോപ് അപ്/സ്പോട്ട് അഡ്മിഷനിലൂടെ നികത്തുന്നതാണ്. മോപ് അപ് കൗൺസിലിങ്ങിൽ ഒരു സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും മറ്റൊരു സർക്കാർ മെഡിക്കൽ കോളേജിലേക്കോ, ഒരു സ്വാശ്രയ മെഡിക്കൽ കോളേജിൽ നിന്നും മറ്റൊരു സ്വാശ്രയ മെഡിക്കൽ കോളേജിലേക്കോ മാറ്റം അനുവദിക്കുന്നതല്ല. എന്നാൽ ഒരു സ്വാശ്രയ മെഡിക്കൽ കോളേജിൽ നിന്നും ഒരു സർക്കാർ മെഡിക്കൽ കോളേജിലേക്ക് മാറ്റം അനുവദിക്കുന്നതാണ്. കൂടാതെ സ്വാശ്രയ മെഡിക്കൽ

കോളേജുകളിലെ എൻ .ആർ.ഐ സീറ്റിൽ നിന്നും അതേ സ്വാശ്രയ കോളേജിലെയോ മറ്റൊരു സ്വാശ്രയ കോളേജിലെയോ എൻ.ആർ.ഐ അല്ലാത്ത സീറ്റിലേക്കും മാറ്റം അനുവദിക്കുന്നതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റിനുശേഷമുള്ള ബി.ഡി.എസ് കോഴ്സിലേക്കുള്ള തുടർ അലോട്ട്മെന്റ് സംബന്ധിച്ച വിശദ വിവരം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ് ലൈൻ നം. 0471 2525300

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.03.08 10:59:39 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
08/03/2022